"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- എറണാകുളം ജില്ലയിൽ മുവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 249/9-1-2, 249/9-1-4, 249/9-2-5, 249/9-2-6 എന്നിവയിൽപ്പെട്ട സ്ഥലത്തുനിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം(ഗോഡൗൺ) നിർമ്മാണത്തിന്റെ ഭാഗമായി 1427.790 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ. കൂത്താട്ടുകുളം, എറണാകുളം എന്ന വ്യക്തിക്ക് 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2026/ID തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 07.06.2024-ലെ ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ., കൂത്താട്ടുകുളം, എറണാകുളം സമർപ്പിച്ച അപേക്ഷ.
3. 10.04.2025-ലെ മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOMVP/334/2025 A12 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. 03.05.2025, 02.07.2025-ലെ എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ DOERN-DMG/418/2024-MDO നമ്പർ കത്തുകൾ.
5. 24.09.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1362/2025-M2 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ മുവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 249/9-1-2, 249/9-1-4, 249/9-2-5, 249/9-2-6 എന്നിവയിൽപ്പെട്ട സ്ഥലത്തുനിന്നും തിരുമാറാടി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കൊമേഴ്സ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 11455 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 23.04.2024 തീയതിയിൽ ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ, കൂത്താട്ടുകുളം, എറണാകുളം എന്നവ്യക്തിക്ക് എറണാകുളം ജില്ലാ ഓഫീസിൽനിന്നും അനുമതി നൽകിയിരുന്നു. മണ്ണ് നീക്കം ചെയ്ത സമയത്ത് പാറ കണ്ടെത്തിയതിനാൽ മണ്ണ് പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി പാറ നീക്കം ചെയ്യാനുള്ള അനുമതിക്കായി ശ്രീ.ബിനു.പി.രാജൻ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ ജില്ലാ ഓഫീസിൽ നിന്നും 19/07/2024 തിയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ മണ്ണ് നീക്കം ചെയ്തപ്പോൾ കരിങ്കല്ലിന്റെ സാന്നിധ്യം കാണുകയും ടി ധാതു നീക്കം ചെയ്താൽ മാത്രമേ സാധാരണ മണ്ണ് പ്രസ്തുത സ്ഥലത്തു നിന്നും തുടർന്ന് ഖനനം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് കെ.എം.എം.സി ചട്ടം 104 പ്രകാരം പരിഗണിക്കുന്നതിന് മുവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. തിരുമാറാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ഡെവലപ്പ്മെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള 1427.790 ക്യൂബിക് മീറ്റർ കരിങ്കല്ല് നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ. കൂത്താട്ടുകുളം, എറണാകുളം എന്ന വ്യക്തിക്ക് 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് പരാമർശം(5) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ മുവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 249/9-1-2, 249/9-1-4, 249/9-2-5, 249/9-2-6 എന്നിവയിൽപ്പെട്ട സ്ഥലത്തുനിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം(ഗോഡൗൺ) നിർമ്മാണത്തിന്റെ ഭാഗമായി 1427.790 ക്യൂബിക് മീറ്റർ കരിങ്കല്ല് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ. കൂത്താട്ടുകുളം, എറണാകുളം എന്ന വ്യക്തിക്ക് 2015-ലെ കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അനുവദിച്ചിട്ടുള്ള അളവ് കരിങ്കല്ലിന് നിയമാനുസൃതം റോയൽറ്റി ഒടുക്കേണ്ടതാണ്.
2.എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ അനുവദനീയമല്ല
3.ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.
4.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ഉരുളൻ പാറ നീക്കം ചെയ്യേണ്ടതാണ്..
5. RDO അനുവദിച്ച NOC യിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
6.റീസർവ്വേ നമ്പർ 249/9-1-2, 249/9-1-4, 249/9-2-5,249/9-2-6 ൽ ഉൾപ്പെട്ട 20.94 ആർസ് സ്ഥലത്ത് നിന്നും 1427.790 ക്യൂബിക് മീറ്റർ ഉരുളൻപാറ മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുന്ന പക്ഷം ചട്ടപ്രകാരം പിഴ ഈടാക്കുന്നതാണ്
7.ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8.സമീപത്തെ വീടുകൾക്കും റോഡിലൂടെയുള്ള വാഹനങ്ങൾക്കും അപകടം സംഭവിക്കാത്ത രീതിയിൽ മുൻകരുതലുകൾ സ്വീകരിച്ച് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെ ഉരുളൻ പാറകൾ പൊട്ടിച്ച് നീക്കം ചെയ്യേണ്ടതാണ്.
9.പാറ നീക്കം ചെയ്ത ശേഷം കെ എം എം സി ചട്ടങ്ങളിലെ ചട്ടം 14 അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ് എന്ന് ജില്ലാ ജിയോളജിസ്റ്റ് ഉറപ്പുവരുത്തേണ്ടതാണ്.
10.എറണാകുളം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
11.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, മൂവാറ്റുപുഴ
ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം
ശ്രീ.ബിനു.പി.രാജൻ, വാലാശ്ശേരിൽ ഹൗസ്, തിരുമാറാടി പി.ഒ. കൂത്താട്ടുകുളം, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 01-01-2026 16:42:59